**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1330** **14-03-2022 - ല്‍ മറുപടിയ്ക്ക്**

**എസ്.എസ്.എല്‍.സി., പ്ലസ് ടു പരീക്ഷയുടെ ചോദ്യപേപ്പര്‍ ഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എന്‍ . ഷംസുദ്ദീന്‍,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | null<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.എസ്.എല്‍.സി., പ്ലസ് ടു പരീക്ഷയുടെ ചോദ്യപേപ്പര്‍ ഘടനയില്‍ എഴുപത് ശതമാനം ഫോക്കസ് ഏരിയയില്‍ നിന്നാക്കുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; | (എ) | എ&ബി) ഉണ്ട്. ഈ അക്കാദമിക വര്‍ഷം ജൂണ്‍ മുതല്‍ തന്നെ ഡിജിറ്റല്‍/ഓണ്‍ലെന്‍ ക്ലാസ്സുകളും നവംബര്‍ മാസം മുതല്‍ സ്കൂളുകളില്‍ നേരിട്ടുള്ള ക്ലാസ്സുകളും നല്‍കി വരികയാണ്. ഡിജിറ്റല്‍ ക്ലാസ്സുകള്‍, ഓണ്‍ലൈന്‍ ക്ലാസ്സുകള്‍, നേരിട്ടുള്ള ക്ലാസ്സുകള്‍ എന്നിങ്ങനെ മൂന്ന് തരത്തിലുള്ള പിന്തുണാ സംവിധാനമാണ് ഉറപ്പാക്കിയിട്ടുള്ളത്. നിലവില്‍ എസ്.എസ്.എല്‍.സി, പ്ലസ് ടു ക്ലാസ്സുകളിലെ പാഠഭാഗങ്ങള്‍ പൂര്‍ണമായും വിനിമയം ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ചില പഠന പ്രയാസങ്ങള്‍ നേരിടുന്ന കുട്ടികളെ സഹായിക്കുന്നതിനാണ് 60% ഫോക്കസ് ഏരിയ നിശ്ചയിക്കുകയും അതില്‍ നിന്നും 70% ചോദ്യങ്ങള്‍ ഉള്‍പ്പെടുത്തുകയും ചെയ്തിട്ടുള്ളത്. കൂടാതെ 50% അധിക ചോദ്യങ്ങളും ഉള്‍പ്പെടുത്തിയിട്ടുണ്ട്. എല്ലാവിഭാഗം കുട്ടികള്‍ക്കും ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാന്‍ കഴിയുന്ന വിധത്തിലാണ് ചോദ്യപേപ്പര്‍ ഘടന തയ്യാറാക്കിയിട്ടുള്ളത്. മോഡല്‍ പരീക്ഷ തുടങ്ങുന്ന മാര്‍ച്ച് 16 ന് മുന്‍പ് തന്നെ പാഠഭാഗങ്ങള്‍ പൂര്‍ത്തീകരിച്ച് പരീക്ഷയ്ക്കായി പ്രത്യേക പരിശീലനം നല്‍കി വിദ്യാര്‍ത്ഥികളുടെ എല്ലാ വിധ ആശങ്കകളും ദുരീകരിക്കുന്നതിന് ആവശ്യമായ നടപടി പൊതുവിദ്യാഭ്യാസ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | ഫോക്കസ് ഏരിയ തന്നെ പഠിപ്പിച്ച് തീര്‍ക്കാത്തതിനാലും അദ്ധ്യയന വര്‍ഷാരംഭത്തില്‍ ഇത്തരം പരിഷ്കാരത്തെപ്പറ്റി സൂചിപ്പിക്കാത്തതിനാലും വിദ്യാര്‍ത്ഥികളും രക്ഷിതാക്കളും ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കില്‍ ആശങ്ക അകറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | (എ&ബി) ഉണ്ട്. ഈ അക്കാദമിക വര്‍ഷം ജൂണ്‍ മുതല്‍ തന്നെ ഡിജിറ്റല്‍/ഓണ്‍ലെന്‍ ക്ലാസ്സുകളും നവംബര്‍ മാസം മുതല്‍ സ്കൂളുകളില്‍ നേരിട്ടുള്ള ക്ലാസ്സുകളും നല്‍കി വരികയാണ്. ഡിജിറ്റല്‍ ക്ലാസ്സുകള്‍, ഓണ്‍ലൈന്‍ ക്ലാസ്സുകള്‍, നേരിട്ടുള്ള ക്ലാസ്സുകള്‍ എന്നിങ്ങനെ മൂന്ന് തരത്തിലുള്ള പിന്തുണാ സംവിധാനമാണ് ഉറപ്പാക്കിയിട്ടുള്ളത്. നിലവില്‍ എസ്.എസ്.എല്‍.സി, പ്ലസ് ടു ക്ലാസ്സുകളിലെ പാഠഭാഗങ്ങള്‍ പൂര്‍ണമായും വിനിമയം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നിരുന്നാലും ചില പഠന പ്രയാസങ്ങൾ നേരിടുന്ന കുട്ടികളെ സഹായിക്കുന്നതിനാണ് 60% ഫോക്കസ് ഏരിയ നിശ്ചയിക്കുകയും അതിൽ നിന്നും 70% ചോദ്യങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളത്. കൂടാതെ 50% അധിക ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിഭാഗം കുട്ടികൾക്കും ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതാൻ കഴിയുന്ന വിധത്തിലാണ് ചോദ്യപേപ്പർ ഘടന തയ്യാറാക്കിയിട്ടുള്ളത്. മോഡൽ പരീക്ഷ തുടങ്ങുന്ന മാർച്ച് 16 ന് മുൻപ് തന്നെ പാഠഭാഗങ്ങൾ പൂർത്തീകരിച്ച് പരീക്ഷയ്ക്കായി പ്രത്യേക പരിശീലനം നൽകി വിദ്യാർത്ഥികളുടെ എല്ലാ വിധ ആശങ്കകളും ദൂരീകരിക്കുന്നതിന് ആവശ്യമായ നടപടി പൊതുവിദ്യാഭ്യാസ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ